## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 760      12/12/2012 ൽ മറുപടിക്ക്

### മരുന്നുകൾ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ. സണ്ണി ജോസഫ്
ശ്രീ. എം.എ. വാഹിദ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി.പി. സജീന്ദ്രൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | മരുന്നുകൾ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തി ലാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്ഥിരമായി മരുന്നുകൾ ഉപയോഗിക്കുന്നവർക്കായാണ് കാരുണ്യ ഫാമിലി മെഡിസിൻ കാർഡ് പദ്ധതി ആവിഷ്കരിച്ചിരി ക്കുന്നത്. 5000 രൂപ മുൻകൂർ അടച്ചാൽ, ഫീസിനത്തിലും മറ്റും യാതൊരു കുറവും കൂടാതെ അതേ മൂല്യത്തിലുള്ള മരുന്നുകൾ വീട്ടിലെത്തിക്കുന്നതാണ്. കൂടാതെ 2% അധിക കിഴിവും (1% ഡിസ്കൌണ്ട് 1% ബോണസ് പോയിന്റും) ഓരോ പ്രാവശ്യവും മരുന്ന വിതരണത്തിനായി തുച്ഛമായ കൊറിയർ ചാർജ്ജും മാത്രമേ അംഗങ്ങളിൽ നിന്നും ഈടാക്കുന്നുള്ളൂ. പ്രത്യേക ഊഷ്മാവിൽ സൂക്ഷിക്കുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ഇത്തരത്തിൽ വിതരണം ചെയ്യുന്നുണ്ട്. കാർഡിലെ തുക തീരുന്ന മുറയ്ക്ക് 1000 രൂപയുടെ ഗുണിതങ്ങളായി റീചാർജ്ജ് ചെയ്യാവുന്നതാണ്. ബോണസ് പോയിന്റുകൾ 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപയുടെ കിഴിവ് ലഭിക്കുന്നതാണ്. |
| (സി) | ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും ; വിശദമാക്കുമോ ; | | |
| (ഡി) | ഈ പദ്ധതിയുടെ ഭാഗമായി ഫാമിലി കാർഡും ഡിസ്കൌണ്ട് കം ലോയൽറ്റി കാർഡും വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഫാമിലി കാർഡ്, ഡിസ്കൌണ്ട്-കം-ലോയൽറ്റി കാർഡ് എന്നിവയുടെ വിതരണം 2012 നവംബർ ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ